വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഈ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് വനം വകുപ്പിന്റെ ...........

ശ്രീ. സി. ദിവാകരൻ : സർ............

മി. സ്പീക്കർ : മന്ത്രി സംസാരിച്ചു തുടങ്ങിയല്ലോ, ബഹുമാനപ്പെട്ട ശ്രീ. സി. ദിവാകരൻ ഇവിടെ ഒരു കാര്യം വന്നാൽ പലപ്പോഴും അങ്ങോട്ടും ഇങ്ങോട്ടും പറയാറുണ്ട്. പത്ര സമ്മേളനവും നടത്തുന്നുണ്ട്. അത് ........(ബഹളം)......നോ...... ഞാൻ പറയാം..... ....(ബഹളം)......ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സംസാരിക്കും. അങ്ങ് സംസാരിക്കൂ. പ്ലീസ്.........(ബഹളം)........ ശ്രീ. വി.എസ്. സുനിൽ കുമാർ, ഇവിടുത്തെ മീഡിയാ റൂമിൽ അങ്ങും പത്ര സമ്മേളനം നടത്തിയിട്ടുണ്ട്. അങ്ങേയ്ക്കും നടത്താം. ഇതൊന്നും....... നിയമ സഭയിൽ പ്രതിപക്ഷത്തേയോ ഭരണപക്ഷത്തേയോ പരസ്പരം ചെറുതാക്കുന്നതിനും ആക്ഷേപിക്കുന്നതിനും ഒന്നും സഭ കൂട്ടു നിൽക്കില്ല. ചെയറും കൂട്ടുനിൽക്കില്ല. ബാക്കി നമുക്ക് പരിശോധിക്കാം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ഈ ഡിമാന്റ് ഡിസ്ക്കഷനിൽ പങ്കെടുത്തുകൊണ്ട് വനം വകുപ്പിനെക്കുറിച്ച് സംസാരിച്ച എല്ലാ അംഗങ്ങളോടും നന്ദി പറയുകയാണ്. പശ്ചിമഘട്ട മലനിരകളെ വേൾഡ് ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചതിന്റെ സന്തോഷത്തിലാണ് നമ്മുടെ നാട്. കാരണം പശ്ചിമഘട്ടത്തിന്റെ മഹത്വത്തെക്കുറിച്ചും അതിന്റെ പൈതൃകത്തെക്കുറിച്ചും ഏറ്റവും ബോധ്യമുള്ളവരാണ് കേരളത്തിലെ ജനങ്ങൾ. പ്രത്യേകിച്ച് ആ പൈതൃകവും അതിന്റെ പവിത്രമായ മഹത്വവും വിളിച്ചോതിക്കൊണ്ടുള്ള സംഭാഷണങ്ങളാണ് ഇവിടെ സംസാരിച്ച എല്ലാ അംഗങ്ങളുടേയും പ്രസംഗ

ത്തിൽ പ്രതിഫലിച്ചത്. ആ ഒരു പരിസ്ഥിതി നിലനിർത്തുകയും സഹ്യപർവ്വതത്തിന്റെ വനസമ്പത്തുകൾ നിലനിർത്തുകയും ചെയ്യുന്നതിൽ എല്ലാവരും ഒരേ സ്വരത്തിലാണ് രാവിലെ സഭ തുടങ്ങിയതുമുതൽ ഒറ്റക്കെട്ടായി നിലകൊണ്ടത്. പത്തൊൻപത് പ്രദേശങ്ങളാണ് ഹെറിറ്റേജായി നമ്മൾ പ്രഖ്യാപിച്ചിട്ടുള്ളത്. അതിൽ പത്തെണ്ണവും നിലവിൽ സാംങ്ച്വറികളാണ്. അതുകൊണ്ട് അതിനകത്ത് നടപടികളുടെ ആവശ്യമുണ്ട്. ഒൻപതെണ്ണം റിസർവ്വ് വനമായി സംരക്ഷിച്ചു വരുന്നതിനാൽ അവ സംരക്ഷിച്ചു പോകാൻ വളരെ എളുപ്പമാണ്. ശ്രീ. വി.ഡി. സതീശനും പ്രൊഫ. സി. രവീന്ദ്രനാഥും ഒക്കെ പറഞ്ഞതുപോലെ ഈ വനത്തിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന അതിന്റെ ശക്തിയും സ്രോതസ്സും വീണ്ടെടുക്കാൻ പല കാര്യങ്ങളും ചെയ്യേണ്ടിവന്നു. പൈതൃക ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ചതോടുകൂടി നമുക്കുണ്ടാകുന്ന ഗുണം കേന്ദ്ര സർക്കാരിൽനിന്നും യു.എൻ.-ൽ നിന്നുമടക്കമുള്ള വിദേശ സഹായങ്ങളും ധാരാളമായി ലഭിക്കും. അവിടെ താമസിക്കുന്ന മറ്റ് ജനവിഭാഗങ്ങളേയും ആദിവാസികൾ ഉൾപ്പെടെയുള്ളവരെ വനത്തിന്റെ ഉള്ളിൽ നിന്നും മാറ്റി താമസിപ്പിക്കാനും മറ്റുമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ധാരാളം സാമ്പത്തിക സഹായം കേന്ദ്ര സർക്കാരിൽ നിന്നും വിദേശത്തുനിന്നും നമുക്ക് ലഭിക്കും. ശരിയായ മാസ്റ്റർപ്ലാനോടും വളരെ കൃത്യമായ അടുക്കും ചിട്ടയോടുംകൂടി സമയബന്ധിതമായി നമ്മൾ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയാൽ നമുക്ക് നഷ്ടപ്പെട്ടതെല്ലാം തിരിച്ച് പിടിക്കാനും പുതുതായി സ്വാഭാവിക വനത്തെ സൃഷ്ടിച്ചെടുക്കാനും സാധിക്കും. നമുക്ക് ധാരാളം പ്ലാന്റേഷൻസുണ്ട്. ഇവിടെ ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞു, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങി വച്ച സോഷ്യൽ ഫോറസ്റ്റിലെ 'എന്റെ

മരം' പോലുള്ള പദ്ധതികൾ ഉപേക്ഷിച്ചു എന്ന്. അവയെല്ലാം നന്നായി നടത്തിക്കൊണ്ട് പോകാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. അത് റോഡ്സൈഡുകളിലും സ്ക്കൂളുകളുടെ കോമ്പൗണ്ടുകളിലുമൊക്കെ നടക്കുന്നതിനുപരിയായി നഷ്ടപ്പെട്ട വനം തിരിച്ചുപിടിക്കാനുള്ള 'വനദീപ്തി' എന്ന ഒരു പുതിയ പദ്ധതിയാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയത്. പരീക്ഷണാടിസ്ഥാനത്തിലാണ് ഇത് നടപ്പിലാക്കിയത്. മൃഗശാലയുടെ ചുമതലയുള്ള മന്ത്രി ശ്രീമതി പി.കെ ജയലക്ഷ്മിയും തൃശ്ശൂർ എം.എൽ.എ. യും മുൻ സ്പീക്കറുമായ ശ്രീ. തേറമ്പിൽ രാമകൃഷ്ണനും പറഞ്ഞത്, മൃഗശാല അവിടെ നിന്ന് മാറ്റുമ്പോൾ വനം വകുപ്പിന്റെ സഹായത്തോടുകൂടി തൃശ്ശൂർ ടൗണിന് നടുക്ക് സ്വാഭാവിക വനം സൃഷ്ടിച്ചെടുക്കണമെന്നാണ്. വളരെ നല്ല ആശയമാണ്. നഗരത്തിന്റെ നടുവിൽ ഔഷധ സസ്യങ്ങളടങ്ങിയ ഒരു സ്വാഭാവിക വനം സൃഷ്ടിച്ച് നഷ്ടപ്പെട്ടത് വീണ്ടും തിരിച്ചുപിടിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. അതിന് ഒരു മാസ്റ്റർ പ്ലാൻ വേണമെന്നുള്ളത് ശരിയാണ്. അതൊരു വലിയ സംഖ്യ ചെലവഴിച്ച് വലിയ ആലോചന നടത്തി വലിയൊരു പ്രോജക്ടാക്കി ആർക്കെങ്കിലും പൈസ കൊടുക്കേണ്ട. നാട്ടറിവുകളും നമ്മുടെ ശാസ്ത്രജ്ഞൻമാരും നമ്മുടെ പരിസ്ഥിതി പ്രേമികളുമൊക്കെ പറയുന്ന കാര്യങ്ങൾ കേട്ടുകൊണ്ട് ചെയ്യാവുന്നതാണ്. ശ്രീ. വി.ടി. ബലറാം പ്രസംഗിച്ചപ്പോൾ പറഞ്ഞു മാധവ്ഗാഡ്ഗിൽ കമ്മിഷൻ റിപ്പോർട്ട് പരിപൂർണ്ണമായി തള്ളിക്കളയുമോ എന്ന്. മുഖ്യമന്ത്രി തന്നെ സഭയിൽ വ്യക്തമാക്കിയതാണ്. പരിപൂർണ്ണമായി തള്ളിക്കളയാൻ ഉദ്ദേശമില്ല. ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപ്രായോഗികമായ, ഏതാണ്ട് നാൽപ്പത്തഞ്ചിലധികം പഞ്ചായത്തുകൾ, പറഞ്ഞുവരുമ്പോൾ നമ്മുടെ നഗര

ത്തിനടുത്തുള്ള വട്ടിയൂർക്കാവ് വരെയുള്ള ആളുകളെ ഒഴിപ്പിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് നമുക്ക് പ്രായോഗികമല്ല. അത്തരം അപ്രായോഗികമായ പരിഷ്കാരങ്ങളെ മാറ്റി നിർത്തിക്കൊണ്ട് വനസംരക്ഷണത്തിനും പരിസ്ഥിതിയെ പുനർനിർമ്മിക്കുന്നതിനും വനങ്ങൾ പുന:സൃഷ്ടിക്കുന്നതിനും വേണ്ടി അതിൽ പറഞ്ഞിരിക്കുന്ന ശരിയായ കാര്യങ്ങൾ നമ്മൾ ഉൾക്കൊള്ളും. അതിൽ പറഞ്ഞിട്ടുള്ള കേരളത്തിലെ മുഴുവൻ ഡാമുകളും അൻപത് വർഷം കഴിഞ്ഞ ഡാമുകളാണ്, അതെല്ലാം പൊളിച്ചു കളയണം എന്ന് പറയുന്നത് നമുക്ക് പ്രായോഗികമല്ല. വൈദ്യുതി ഉൽപാദിപ്പിക്കണമെങ്കിൽ മഴ വേണം. മഴയുണ്ടായാൽ മാത്രമേ ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളിൽ വെള്ളമുണ്ടാകുകയുള്ളു. അതെല്ലാം നിലനിർത്തണമെങ്കിൽ നിബിഢ വനങ്ങളും മറ്റ് സ്വാഭാവിക വനങ്ങളും എല്ലാം നിലനിർത്താൻ നമ്മൾ ബാധ്യസ്ഥരാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളിൽ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. കിട്ടുന്നിടത്തോളം ഫണ്ടുകൾ ഉപയോഗിച്ചുകൊണ്ട് അത് പരിഹരിച്ച് മുന്നോട്ട് പോകും. പ്രധാനമായും എല്ലാ എം.എൽ.എ. മാരും ഉന്നയിക്കുന്ന വിഷയം വനത്തിനടുത്ത് താമസിക്കുന്ന ജനങ്ങളുടെ പ്രശ്നം, ആദിവാസികളായ വനാശ്രിത സമൂഹത്തിന്റെ പ്രശ്നം ഇത് വളരെ പ്രധാന പ്രശ്നങ്ങളാണ്. അതിനെ ഗവൺമെന്റ് വളരെ സീരിയസായി കാണുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണം, കൃഷി നശിപ്പിക്കുക, ആളുകളെ കൊല്ലുക, അവരെ മുറിവേൽപ്പിക്കുക, അല്ലെങ്കിൽ ജീവിതകാലം മുഴുവൻ വികലാംഗരാക്കിത്തീർക്കുക അങ്ങനെയുള്ള ഒരുപാട് അപാകതകളുണ്ട്. അതിനെല്ലാം നമ്മൾ കൊടുത്തുകൊണ്ടിരിക്കുന്ന നഷ്ടപരിഹാരം തുച്ഛമാണ്. അതിന് ഈ ഗവൺമെന്റ് ഒരു മാറ്റം വരുത്തുകയാണ്. ഈ വർഷം കൃഷിനാശം സംഭവി

ക്കുന്നവർക്ക് അൻപതിനായിരം രൂപയാണ് പരമാവധി കൊടുക്കുന്നത്. അത് ഒരു വർഷം ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളു. ഒരു വന്യമൃഗം വന്ന് കൃഷി നശിപ്പിച്ചാൽ ഒരു പ്രാവശ്യമേ നൽകുകയുള്ളു. അത് മുപ്പതിനായിരം രൂപ യാണെങ്കിൽ അത് വാങ്ങിക്കൊള്ളണം എന്നതാണ്. പക്ഷെ അതിൽ ഒരു മാറ്റം വരുത്തുകയാണ്. പരമാവധി നഷ്ടപരിഹാരം ഒരു ലക്ഷം രൂപയാക്കു കയാണ്. അത് ഒരു തവണയായിട്ടല്ല ഒരു വർഷത്തിൽ രണ്ടോ മൂന്നോ തവ ണയായി വന്യമൃഗങ്ങളുടെ ആക്രമണം ഉണ്ടായിട്ടാണ് നഷ്ടപ്പെടുന്നതെ ങ്കിലും തവണകളായിത്തന്നെ ഒരു ലക്ഷം രൂപയ്ക്കകത്ത് നിർത്തിക്കൊണ്ട് കൊടുക്കാൻ സർക്കാർ തീരുമാനിക്കുന്നു. വന്യജീവികളുടെ ആക്രമണത്തിന് നമ്മൾ കൊടുത്തിരുന്നത് അയ്യായിരം രൂപയാണ്. എന്റെ മണ്ഡലത്തിലെ ഒരു കൊച്ചുകുട്ടിയെ കാട്ടുപന്നി ആക്രമിച്ചു. അതിന്റെ നെഞ്ചു മുഴുവൻ കീറി വച്ചിരിക്കുകയാണ്. അത് പെൺകുട്ടിയാണ്. അതിന് അഞ്ചോ അറോ വയ സ്സേയുള്ളു. ആ കുഞ്ഞിന്റെ ജീവിതകാലം മുഴുവൻ അങ്ങനെ ജീവിക്കേണ്ടി വരും. അതുകൊണ്ട് അയ്യായിരം രൂപ കൊടുക്കുന്നു എന്ന് പറയുന്നത് തന്നെ ലജ്ജാകരമാണ്. അത് എഴുപത്തയ്യായിരം രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. സ്ഥിര വൈകല്യമാണ് സംഭവിക്കുന്നതെങ്കിൽ ഇപ്പോൾ കൊടുക്കുന്ന ഇരുപ ത്തയ്യായിരം രൂപ ഒരു ലക്ഷമായി വർദ്ധിപ്പിക്കുകയാണ്. വന്യമൃഗങ്ങൾ ഇറ ങ്ങിവരുന്നതു മൂലമുള്ള ശല്യം എല്ലാ എം.എൽ.എ. മാർക്കും പരാതിയുള്ളതാ ണ്. എം.എൽ.എ. മാർ അദ്ധ്യക്ഷരായി ഈ ഗവൺമെന്റ് വന്നശേഷം രൂപീക രിച്ചിരിക്കുന്ന മണ്ഡലംതല കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ശുപാർശ ചെയ്യുന്ന എക്സാക്ട് സ്ഥലങ്ങളിൽ നബാർഡിന്റെ സഹായത്തോടുകൂടി പന്ത്രണ്ട് കോടിയുടെ പദ്ധതിയുണ്ട്. അതിൽ ആറേകാൽ കോടി രൂപ വയനാട്

ജില്ലയ്ക്ക് മാത്രമാണ്. അത് വേലികൾ നിർമ്മിക്കാനും മതിലുകൾ നിർമ്മിക്കാനും ഉപയോഗിക്കും. സോളാർ ഫെൻസിംഗ് നിർമ്മിക്കാനുള്ള ചുമതല ഇനി സ്വകാര്യ കോൺട്രാക്ടർമാരെ ഏൽപിക്കുന്നില്ല. വനം വികസന കോർപ്പറേഷൻ ഇതിന്റെ നിർമ്മാണവും അതിന്റെ എ.എം.സി. (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്) കൊടുത്ത് അവർ അത് ഗ്യാരന്റിയോടുകൂടി മെയിന്റെയിൻ ചെയ്യുന്ന പുതിയ സംവിധാനം കൊണ്ടുവരാൻ പോകുകയാണ്. എവിടെയാണ് എന്ന് എം.എൽ.എ. മാർ ഉൾപ്പെടുന്ന കമ്മിറ്റി കൃത്യമായി റെക്കമെന്റ് ചെയ്താൽ നിർമ്മിക്കും. അല്ലാതെ ഉദ്യോഗസ്ഥൻമാരെ ആരെയും ഇക്കാര്യം ഏൽപ്പിക്കുന്നില്ല. ഉദ്യോഗസ്ഥൻമാരെ വിശ്വസത്തിലെടുക്കണമെന്ന് ശ്രീമതി ഇ.എസ്. ബിജിമോളും ശ്രീ. ജോസ് തെറ്റയിലും പറഞ്ഞു. തീർച്ചയായും വിശ്വാസത്തിലെടുക്കണം. അത് എന്റെ കുഴപ്പമല്ല. എനിക്ക് മുൻഗാമി ഉദ്യോഗസ്ഥന്മാരെ വിശ്വസിച്ചിരുന്നില്ല. പക്ഷെ ജീവനക്കാരെ എനിക്ക് വിശ്വാസമുണ്ട്. വനം വകുപ്പിലെ ജീവനക്കാർക്ക് ഞാൻ നേരിട്ട് കത്തെഴുതി, നിങ്ങളുടെ പേരിലുള്ള എന്തെങ്കിലും ചെറിയ കേസുകൾ, ചെറിയ കേസുകളാണെങ്കിൽ, വലിയ കുഴപ്പമില്ലാത്ത കേസുകൾ ഡിസിപ്ലിനറി ആക്ഷനെക്കുറിച്ച് നിങ്ങളുടെ ഫയൽ നമ്പറോടുകൂടി നേരിട്ട് എന്റെ ഓഫീസിലേയ്ക്ക് എഴുതിയാൽ നേരിട്ട് ആ ഫയലുകൾ വിളിച്ചുവരുത്തി സെറ്റിൽ ചെയ്യാവുന്നത്രയും കേസുകൾ സെറ്റിൽ ചെയ്യാം. മനസ്സമാധാനമായി ജീവിക്കാൻ അവസരം ഉണ്ടാക്കിത്തരാം എന്ന് കത്തയച്ചയാളാണ് ഞാൻ ...........(ബഹളം)..........

<u>ശ്രീ. വി.എസ്. സുനിൽ കുമാർ: </u>പോയിന്റ് ഓഫ് ഓർഡർ,

ശ്രീ. കെ.ബി. ഗണേഷ് കുമാർ: പോയിന്റ് ഓഫ് ഓർഡറൊന്നും ഇല്ല. വെറുതെ പറയുന്നതാണ്. എന്റെ സ്വസ്ഥത കളയാൻവേണ്ടിയുള്ള പരിപാടിയാണ്. മി. സുനിൽ കുമാർ, അവിടെയിരിക്കൂ... ഇതൊരു സ്ഥിരം പരിപാടിയാണ്.

മി. സ്പീക്കർ : ഏത് പോയിന്റാണ്.

ശ്രീ. വി.എസ്. സുനിൽ കുമാർ : റൂൾ 307, ബഹുമാന്യനായ വനം വകുപ്പുമന്ത്രിയുടെ പ്രസംഗത്തിന്റെ ഇടയിൽ അദ്ദേഹത്തിന്റെ മുൻഗാമിയായ മന്ത്രി ഉദ്യോഗസ്ഥൻമാർ പറയുന്നതു കേട്ട് മാത്രം നടന്നിരുന്ന ആള് എന്ന് പറഞ്ഞത് ശരിയല്ല.

മി. സ്പീക്കർ: അതിനകത്ത് ഒരു കാര്യവുമില്ല. ഇവിടെ മുൻ മന്ത്രിമാരെക്കുറിച്ച് ആക്ഷേപപരമായി ഒന്നും പറഞ്ഞില്ല. വെറുതെ ഇഷ്യൂ ഉണ്ടാക്കരുത്. (തുടരും)

P. 10.07.12 3.30 – 3.40
KK-SD-3

(ശ്രീ. കെ.ബി. ഗണേഷ് കുമാർ ........തുടർച്ച)

ശ്രീ. വി.എസ്. സുനിൽകുമാർ : റൂൾ 307 അനുസരിച്ച് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു. ഞാൻ അങ്ങയുടെ സമയം കളയുന്നില്ല. ബഹുമാന്യനായ വനം വകുപ്പുമന്ത്രിയുടെ പ്രസംഗത്തിനിടയിൽ അദ്ദേഹത്തിന്റെ മുൻഗാമിയായ മന്ത്രി ഉദ്യോഗസ്ഥർ പറയുന്നതുമാത്രം കേട്ട് നടന്നിരുന്ന ആളാണെന്ന് പറഞ്ഞത് ശരിയല്ല.

മി. സ്പീക്കർ : അതിനകത്ത് ഒരു പോയന്റുമില്ല, ഓർഡറുമില്ല. ഇവിടെ മുൻമന്ത്രിമാരെക്കുറിച്ച് ആക്ഷേപമായി ഒന്നും പറഞ്ഞില്ല. വെറുതെ ഇഷ്യു ഉണ്ടാക്കല്ലേ.

<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u> : എന്റെ മുൻഗാമിളായ നിരവധിപ്പേരുണ്ട്. അദ്ദേഹം ഉദ്ദേശിച്ച ആളല്ല.

<u>മി. സ്പീക്കർ</u> : മുൻമന്ത്രിയെക്കുറിച്ച് ഒരു ആക്ഷേപവും ഉണ്ടായില്ല. പറഞ്ഞ് ആക്ഷേപം ഉണ്ടാക്കണ്ട. ഒന്നും ഉണ്ടായില്ല.

<u>ശ്രീ. കെ.ബി. ഗണേഷ് കുമാർ</u> : ഉദ്യോഗസ്ഥരേയും ജീവനക്കാരേയും വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അവർക്ക് ആത്മവിശ്വാസം കൊടുക്കണം. അവരെക്കുറിച്ചുള്ള തെറ്റായ വാർത്തകളും തെറ്റായ ഇൻഫർമേഷൻസും സ്വീകരിക്കാറില്ല. കൃത്യമായ അന്വേഷണം നടത്തി മാത്രമേ അവരുടെ കാര്യത്തിൽ എന്തെങ്കിലും നടപടി എടുക്കുകയുള്ളൂ. ഏതാണ്ട് 1,85,000-ലധികം ഫയലുകൾ കെട്ടിക്കിടന്ന വനം വകുപ്പിൽ കഴിഞ്ഞ ഒരു വർഷംകൊണ്ട് പത്തുനാൽപ്പതിനായിരം ഫയലുകളാണ് തീർപ്പാക്കിയത്. നവീകരണത്തിന്റെ ഭാഗമായി സാറ്റർഡേ പ്രോഗ്രാം നടപ്പിലാക്കി, ശനിയാഴ്ചകളിൽ വനം വകുപ്പിന്റെ ഓഫീസുകളിൽ ഉച്ചയ്ക്ക് ഒരുമണി വരെ ജോലി ചെയ്യുകയും ആ ആഴ്ചയിൽ ക്ലിയർ ചെയ്യാവുന്ന അത്രയും ഫയലുകൾ ക്ലിയർ ചെയ്ത് മാറ്റുകയും വേണം. ക്ലിയർ ചെയ്ത് മാറ്റിയ ശേഷം അവിടത്തെ ഡി.എഫ്.ഒ. മുതൽ സ്വീപ്പർ വരെയുള്ളവർ ചേർന്ന് ഓഫീസ് ക്ലീൻ ചെയ്ത് ഫയലുകൾ അടുക്കിവച്ച് ഗാർഡനിംഗ് ഒക്കെ നടത്തിയശേഷം വൈകിട്ട് അഞ്ചുമണിക്ക് പോകാം. ഇത് കേരളത്തിൽ ആദ്യമായി ഒരു ഡിപ്പാർട്ടുമെന്റിൽ നടത്തുന്നത് വനം വകുപ്പിലാണ്. അത് വളരെ വിജയകരമായി നടത്തുകയാണ്. നന്നായി പോകുന്ന ഓഫീസുകൾക്ക് സമ്മാനം കൊടുക്കുന്നുണ്ട്. കൃത്യം ഒരു മണിക്ക് ഫയലുകൾ എത്രയെണ്ണം തീർപ്പായി എന്ന് ഇന്റർനെറ്റ് വഴി, ഇ-മെയിൽ വഴി അഡ്മിനിസ്ട്രേറ്റീവ്

സി.സി.എഫ്–നെ ഡി.എഫ്.ഒ.–മാർ ഓരോ ഡിവിഷനിൽനിന്നും അറിയിക്കണം. ഒരു ഓഫീസിൽ ജോലി ചെയ്യുന്ന എല്ലാവർക്കും ഓഫീസിലെ ഫയലുകൾ എവിടെയെത്തി എന്ന് അറിയാൻ കഴിയും. അത് മാത്രമല്ല, ജീവനക്കാരുടെ വിശ്വാസം വീണ്ടെടുക്കാൻവേണ്ടി സാറ്റർഡേ പ്രോഗ്രാമിനു ശേഷം ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ സഹായിക്കാൻ ശാരീരിക ശേഷിയുള്ള 700 ട്രൈബൽ വാച്ചർമാരെ നിയമിക്കാൻ സർക്കാർ ആലോചിച്ചുവരുന്നു. അതിന്റെ നടപടികൾ തുടങ്ങിയിട്ടുണ്ട്. അതിന് പുതിയ പോസ്റ്റുണ്ടാക്കേണ്ടിവരും. ഇരുപത് വർഷമായി ജോലി ചെയ്യുന്ന ട്രൈബൽ വാച്ചർമാരെക്കുറിച്ച് അംഗങ്ങൾ പലരും പറയുകയുണ്ടായി. അതിന് പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്താൽ മാത്രമേ അവരെ സ്ഥിരപ്പെടുത്താൻ പറ്റുകയുള്ളു. അതിന് വലിയ സാമ്പത്തിക ബാധ്യതയുണ്ട്. വനം വകുപ്പിന് പ്രൊട്ടക്ടീവ് സ്റ്റാഫിനെ ധാരാളം ആവശ്യമുണ്ട്. അവരെ നമ്മൾ നിയമിക്കേണ്ടതായിട്ടുണ്ട്. അത് ഗവൺമെന്റ് ചർച്ച ചെയ്തുവരുന്ന ഒരു കാര്യമാണ്. ധനകാര്യ വകുപ്പിന്റെകൂടി അനുമതി അക്കാര്യത്തിൽ ആവശ്യമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ വിശ്വാസം വീണ്ടെടുക്കാൻ, വാച്ചർ എന്നുപറയുമ്പോൾ ജോലിക്ക് ഒരു വെയ്റ്റ് പോരാത്തതിനാൽ റിസർവ്വ് വാച്ചർ, ഡിപ്പോ വാച്ചർ എന്നീ പോസ്റ്റുകളുടെ പേര് അസിസ്റ്റന്റ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ എന്ന് മാറ്റുവാൻ സർക്കാർ നടപടിയെടുക്കുകയാണ്. ഫോറസ്റ്റ് ഗാർഡ് ബീറ്റ് ഫോറസ്റ്റ് ഓഫീസറായി മാറുകയാണ്. ഫോറസ്റ്റർമാർ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ (എസ്.എഫ്.ഒ.) ആയി മാറുകയാണ്. ഡെപ്യൂട്ടി റെയ്ഞ്ചറുടെ പേര് ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ എന്നു

മാറ്റുകയാണ്. ഇത് അവരുടെ സംഘടനകൾ വളരെക്കാലമായി ആഗ്രഹിക്കുന്ന ഒരു കാര്യമാണ്. നിങ്ങൾ വിചാരിക്കും പൈസയൊന്നും കൂട്ടുന്നില്ലല്ലോ എന്ന്. പൈസയൊന്നും കൂട്ടിയില്ലെങ്കിലും അവരുടെ സാമൂഹ്യമായ അംഗീകാരത്തിനുവേണ്ടി അവരുടെ സ്റ്റാറ്റസ് ഉയർത്തിക്കൊടുക്കുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. ഫോറസ്റ്റ് ഗാർഡുകളുടെ യൂണിഫോമിനെപ്പറ്റി പറഞ്ഞു. അവർ ഡ്യൂട്ടിക്ക് പോകുമ്പോഴുള്ള യൂണിഫോം നവീകരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ അവർ ഡ്യൂട്ടിക്ക് പോകുമ്പോൾ കരടിയുടെയും മറ്റ് മൃഗങ്ങളുടെയും ആക്രമണം, കാട്ടുകള്ളൻമാരുടെ ശല്യം എന്നിവ ഉണ്ടാകുന്നു. ഇത് തടയുന്നതിന് നല്ല തോക്ക് കൊടുക്കണമെന്ന് പറഞ്ഞു. തോക്ക് അത്ര നല്ല സേഫായ കാര്യമല്ല. റെയിൽവേ സ്റ്റേഷനിൽ തോക്കെടുത്തതൊക്കെ നമ്മൾ കണ്ടതാണ്. ആവശ്യമുള്ളിടത്ത് ഉപയോഗിക്കാനുള്ള തോക്ക് വനം വകുപ്പിന്റെ കൈവശമുണ്ട്. അതുകൂടാതെ മൃഗങ്ങൾ ആക്രമിച്ചാൽ അതിൽനിന്ന് രക്ഷപ്പെടാൻ ഇലക്ട്രിക് സാപ്പർ പോലെയുള്ള പുതിയ മെഷീനുകൾ അവർക്ക് നൽകും. ആക്രമിക്കുന്ന വന്യമൃഗങ്ങൾക്ക് അവയുടെ ജീവൻ നഷ്ടപ്പെടാത്ത വിധത്തിൽ, അവയുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാൻ കഴിയുന്ന ആധുനിക ഉപകരണങ്ങൾ വനം വകുപ്പിലെ ജീവനക്കാർക്ക് നൽകാൻ ഉദ്ദേശിക്കുന്നു. വനം വകുപ്പ് പരിസ്ഥിതിയെക്കുറിച്ച് പറയുന്നവരും ഡാമുകൾ വേണ്ടെന്ന് പ്രസംഗിക്കുന്നവരുമാണ്. വൈദ്യുതി ലാഭിക്കുന്നതിന് വനം വകുപ്പ് 85 ലക്ഷം രൂപ ചെലവഴിച്ച് തിരുവനന്തപുരത്തെ ഹെഡ് ഓഫീസിൽ സോളാർ പദ്ധതി കൊണ്ടുവരുന്നതാണ്.

ശ്രീ. ജി. സുധാകരൻ : വനം സംരക്ഷിക്കേണ്ട ഗാർഡ് ഓഫീസിലിരുന്ന് ഓഫീസറുടെ ജോലി ചെയ്താൽ മതി എന്നത് ക്യാബിനറ്റ് തീരുമാനമാണോ? അത് ഓർഡറിലാണോ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ : പേര് മാറ്റുകയെന്ന് പറഞ്ഞാൽ ഓഫീസിൽ ഇരിക്കുകയാണെന്ന് പറഞ്ഞില്ല. പേര് മാറ്റിക്കൊടുക്കുന്നു എന്ന് മാത്രമേയുള്ളു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോൺസ്റ്റബിളിന്റേയും ഹെഡ് കോൺസ്റ്റബിളിന്റേയും പേര് മാറ്റി എന്നുകരുതി അവർ പോലീസ് സ്റ്റേഷനിൽ ഇരിക്കുകയാണോ? അല്ലല്ലോ? ഫോറസ്റ്റ് റൈറ്റ്സ് ആക്ട് പ്രകാരം ആദിവാസികൾക്ക് ലഭിക്കേണ്ട ഭൂമിയും അവരുടെ അവകാശങ്ങളും നൽകുന്നതിന് വനം വകുപ്പ് പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. ജി. സുധാകരൻ : ചോദ്യം ചോദിക്കുന്നവരെ ആക്ഷേപിക്കുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ : അങ്ങനെ ആക്ഷേപിക്കുന്നെങ്കിൽ അത് ഓർഡറിലല്ല. പക്ഷേ ആക്ഷേപിച്ചില്ല.

ശ്രീ. കെ.ബി. ഗണേഷ് കുമാർ : ഞാൻ ആക്ഷേപിച്ചിട്ടില്ല. വയനാട്ടിൽ ഭൂമിക്കുവേണ്ടി ആദിവാസികൾ സമരം ചെയ്യുകയാണ്. ഫോറസ്റ്റ് റൈറ്റ് ആക്ട് പ്രകാരം ആദിവാസികൾക്ക് ലഭിക്കേണ്ട അവരുടെ ഭൂമി സംബന്ധിച്ച് ഈ വരുന്ന 14–ാം തീയതി ഉച്ചയ്ക്ക് ഒരു മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വയനാട്ടിലെത്തുകയും അവിടെവച്ച് അദ്ദേഹം സുപ്രീം കോടതിയുടെ അനുമതി ലഭിച്ച ഭൂമി –എന്റെ അറിവ് ശരിയാണെങ്കിൽ 700 ഏക്കറിലധികം ഭൂമി വയനാട്ടിൽ തന്നെയുണ്ട്– അത് കൃത്യമായി പരിശോധിച്ച് വിതരണം ചെയ്യാനുള്ള നടപടി തുടങ്ങുമെന്ന സന്തോഷ വാർത്ത ഞാൻ അറിയിക്കുകയാണ്.

മൂന്നാറിലെ ജൈവ വൈവിധ്യം നിലനിർത്തുന്നതിന് യു.എൻ.ഡി.പി. സഹായ ത്തോടെ 400 കോടി രൂപയുടെ പദ്ധതി ഉറപ്പായിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കും. കണ്ണൂരിലെ കാട്ടാമ്പള്ളി നീർത്തട പ്രദേശം പക്ഷി സങ്കേതമായി പ്രഖ്യാപിക്കണമെന്ന അഭ്യർത്ഥന കണ്ണൂരിൽനി ന്നുള്ള അംഗങ്ങൾ മുന്നോട്ടുവച്ചിരുന്നു. അവരുടെ ആവശ്യം പരിഗണിച്ചു കൊണ്ട് ഒരു കമ്മ്യൂണിറ്റി റിസർവ്വ് രൂപീകരിക്കാൻ ആലോചിക്കുകയാണ്. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഇക്കോ ടൂറിസം കേന്ദ്രങ്ങളിലെല്ലാം ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നു. സ്വകാര്യ വാഹനങ്ങൾ പ്രവേശി പ്പിക്കരുതെന്ന് പല എം.എൽ.എ.മാരും പ്രസംഗത്തിൽ പറഞ്ഞു. അത് അംഗീ കരിച്ചുകൊണ്ട് ഇനി ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയെക്കൊണ്ട് വാഹനങ്ങൾ ഓടിച്ച് എല്ലാവരേയും ഒരുമിച്ച് ഒരു വണ്ടി യിൽ കയറ്റിക്കൊണ്ടുപോകുന്ന സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടു ണ്ട്. അതുപോലെ ട്രൈബൽ വിഭാഗത്തിൽപ്പെട്ടവരുടെ കോളനികളിൽ ജൈവ കൃഷിയും ഔഷധ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിന് ആഗ്രഹി ക്കുന്നു. അതിന്റെ ഭാഗമായി വിതുര, കുറ്റിച്ചൽ, തൊളിക്കോട് എന്നീ സ്ഥല ങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആദ്യമായി പട്ടികവർഗ്ഗ കോളനികളിൽ ഔഷധ സസ്യങ്ങൾ നടുന്നതും ജൈവവളം ഉപയോഗിച്ചുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ഈ വർഷംതന്നെ നടപ്പിലാക്കു ന്നതുമായിരിക്കും. കാവുകളുടെ സംരക്ഷണത്തെക്കുറിച്ച് പലരും പറഞ്ഞു. കാവുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. ഇതിനായി കഴിഞ്ഞ വർഷം 175 പേർക്ക് ധനസഹായം നൽകി. 5,000, 10,000, 15,000 ഈ രീതിയിൽ തുക കൊടുത്താൽ കാവുകൾ നന്നാവില്ല. അതിന്റെ ഫലം ലഭിക്കുന്നില്ലെന്ന്

ബോധ്യപ്പെട്ടതുകൊണ്ട് ആ നയം മാറ്റുകയാണ്. ഒന്നോ രണ്ടോ ലക്ഷം രൂപ ഒരുമിച്ച് കൊടുത്ത് ഒരു കാവ് ഏറ്റെടുത്ത് അതിന് ഫെൻസിംഗ് ചെയ്ത് അതിന്റെ ജൈവ സമ്പത്ത് നിലനിർത്തിക്കൊണ്ട് ജലസ്രോതസ്സുണ്ടെങ്കിൽ അതും സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന പദ്ധതിയാണ് ഈ പ്രാവശ്യം നടത്താൻ പോകുന്നത്. അതിന്റെ ഭാഗമായി ഒരു പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ ആൽമരങ്ങൾ സംരക്ഷിക്കാനുള്ള ഒരു പദ്ധതി നടപ്പാക്കുന്നതാണ്. ആൽമരത്തിന്റെ ചുവട് കെട്ടി വൃത്തിയാക്കി വിശ്രമ സങ്കേതമാക്കി പഴയ കാലത്തേതുപോലെ ആളുകൾക്ക് ഇരിക്കാൻ കഴിയുന്ന 'ആൽമര സൗഹൃദം' എന്നൊരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അത് ഈ വർഷം നടപ്പിലാക്കി ത്തുടങ്ങും. അതുപോലെ മലപ്പുറം ജില്ലയിലെ തവനൂർ നിയോജകമണ്ഡല വുമായി ബന്ധപ്പെട്ട് ശ്രീ. കെ.ടി. ജലീൽ ഒരു പ്രോപ്പോസൽ തന്നിരുന്നു. അത് നല്ലൊരു പ്രൊപ്പോസലാണ്. ആ മണ്ഡലത്തിലെ കാവുകൾ നവീകരി ക്കുന്നതിന് നാൽപ്പത് ലക്ഷം രൂപയുടെ പ്രോജക്ടാണ്. അതിൽ 20 ലക്ഷം രൂപ അദ്ദേഹത്തിന്റെ എം.എൽ.എ. ഫണ്ടിൽനിന്ന് തരാമെന്ന് പറഞ്ഞു. ബാക്കി 20 ലക്ഷം രൂപ വനം വകുപ്പ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. അത് വനം വകുപ്പിലെ ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് വിദഗ്ദ്ധരായ ആളുകൾ പോയി പരിശോധിച്ച് കാവുകൾ തെരഞ്ഞെടുക്കും. തെരഞ്ഞെടുത്ത് എന്താണ് ചെയ്യാൻ പറ്റുന്നതെന്ന് പരിശോധിച്ച് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ആദിവാസികളെ സഹായിക്കാൻവേണ്ടി മൂന്നാറിലെ ഇടമലക്കുടിയിൽ ഫോറസ്റ്റിന്റെ സ്ഥലത്ത് പത്തുനാൽപ്പത് കോടി രൂപ ചെലവ് വരുന്ന ഒരു ഏലത്തോട്ടം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. തമിഴ്നാട് ഭാഗത്തുള്ള മരങ്ങൾ വെട്ടി മാറ്റിയതിനെത്തുടർന്ന് രണ്ട് മൺസൂ

ണിൽ ഒരു മൺസൂൺ നഷ്ടപ്പെടുന്നതിനാൽ മഴനിഴൽ പ്രദേശമായ ഇടുക്കി ജില്ലയിലെ ആറ് പഞ്ചായത്തുകളിൽ ഉയരം കൂടിയ മരങ്ങൾ നട്ടുപിടിപ്പിക്കാൻ പഞ്ചായത്തുമായി ചേർന്ന് സോഷ്യൽ ഫോറസ്ട്രി ഒരു പദ്ധതി നടപ്പിലാക്കുന്നു. അതോടൊപ്പംതന്നെ കാസർഗോഡ് ജില്ലയിൽ പുതിയ ഡി.എഫ്.ഒ. ഓഫീസ് തുടങ്ങി, പുതിയ ഓഫീസ് കെട്ടിടത്തിന് കല്ലിട്ടു. ഉയർന്ന ഉദ്യോഗസ്ഥർക്ക് ലാപ്ടോപ് കൊടുക്കുന്നതോടൊപ്പം ശ്രീ. ജി. സുധാകരൻ പറഞ്ഞതുപോലെ ഫീൽഡിൽ പോകാതെ പല ഉയർന്ന ഉദ്യോഗസ്ഥർപോലും ഓഫീസിൽ ഇരിക്കുന്നതിനാൽ അവരേയും ഫീൽഡിൽ കൊണ്ടുവരാനുള്ള സംവിധാനമായി പി.ഡി.ഐ. എന്നൊരു സംവിധാനം, എവിടെയാണ് ഈ ഉദ്യോഗസ്ഥൻ നിൽക്കുന്നതെന്ന് കാട്ടിനുള്ളിലെ നിശ്ചിത അടയാളത്തിന് മുമ്പിൽ നിന്ന് ഫോട്ടോയെടുത്ത് അവിടെനിന്ന് സാറ്റലൈറ്റ് വഴിയും മൊബൈൽ വഴിയും സെൻഡ് ചെയ്ത് തിരുവനന്തപുരത്ത് പ്രിൻസിപ്പൽ സി.സി.എ. വരെ കാണത്തക്ക രീതിയിൽ വരുന്ന ഒരു പുതിയ സംവിധാനം, ഉപകരണം പരീക്ഷണാടിസ്ഥാനത്തിൽ ഇപ്പോൾ ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇനി വ്യാപകമായി അത് നൽകാൻ തീരുമാനിച്ചു. അത് ഈ വർഷം വ്യാപകമായി നടപ്പിലാക്കിക്കൊണ്ട് ഉദ്യോഗസ്ഥർ അവിടെ എത്തിയെന്ന് ഉറപ്പു വരുത്തും. (തുടരും)

P 10-07-2012 SY-SD-3
3.40-50

(ശ്രീ. കെ.ബി. ഗണേഷ് കുമാർ........തുടർച്ച)

ചന്ദനമരങ്ങളുടെ മോഷണത്തെക്കുറിച്ച് ചോദിച്ചു. ചന്ദനമരങ്ങൾ മോഷ്ടിക്കാതിരിക്കാൻ മരങ്ങളിൽ ഒരു മൈക്രോ ചിപ്പ് ഘടിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കെൽട്രോണിടനാട് അത് ഏർപ്പാട് ചെയ്തിട്ടുണ്ട്. ഓരോ വൃക്ഷങ്ങ

ളിലും മൈക്രോ ചിപ്പ് വച്ചാൽ വൃക്ഷം ഒരു പരിധിയിലധികം അനങ്ങു മ്പോൾപ്പോലും കൃത്യമായി അലാറം ചെയ്യുന്ന ഒരു സിസ്റ്റമുണ്ടാക്കിത്ത രാമെന്ന് കെൽട്രോൺ സമ്മതിച്ചിട്ടുണ്ട്. ഇ. ആർ. & ഡി. സി. യും കെൽട്രോണും ചേർന്ന് അതിനുള്ള ഒരു റിസർച്ച് നടത്തി ഒരു കണ്ടെ ത്തലിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അത് കണ്ടെത്തിക്കഴിഞ്ഞാൽ ചന്ദനക്കാടുകളിൽ അത് ഉപയോഗിക്കും. കാട്ടുതീയെക്കുറിച്ച് പറഞ്ഞു. വനം വകുപ്പിന് സ്വന്തമായി ഒരു ഫയർ ഫോഴ്സ് എന്നുള്ള രീതിയിൽ വനത്തിനു ള്ളിൽ കടന്നുചെല്ലാവുന്ന വിധത്തിൽ ജീപ്പുകളിൽ ഫയർ എഞ്ചിൻ ഘടിപ്പി ക്കുന്ന ഒരു സംവിധാനം ഡിസൈൻ ചെയ്തുകൊണ്ടിരിക്കുകയാണ്. അത് ഫലപ്രദമാണെന്ന് കണ്ടാൽ വനത്തിനുള്ളിൽ പല സ്ഥലത്തും സൂക്ഷി ച്ചുകൊണ്ട് പെട്ടെന്നുതന്നെ കാട്ടുതീ അണയ്ക്കാൻ കഴിയും. ആദിവാസിക ളിൽ നിന്നും ശേഖരിക്കുന്ന ഉത്പന്നങ്ങൾക്ക് ശരിയായ വില കിട്ടുന്നില്ല എന്ന പരാതിയുണ്ട് അത് പരിഹരിക്കാൻ മൊബൈൽ വനശ്രീ ആരംഭിക്കണമെന്ന ആവശ്യമുയർന്നിരുന്നു. അതിനുള്ള നടപടികളായിട്ടുണ്ട്. ഒരു മാസത്തിനു ള്ളിൽ മൊബൈൽ വനശ്രീ പണി പൂർത്തിയാക്കി നിരത്തിലിറക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടുതൽ വന വിഭവങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ ...............

ശ്രീ. എസ്. രാജേന്ദ്രൻ : സർ, മൃഗങ്ങൾ കൃഷി നാശം വരുത്തുന്നതിന് നഷ്ടപരിഹാരം ലഭിക്കുന്നതിന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്ത് അന്നത്തെ റേറ്റ് ഫിക്സ് ചെയ്താണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ ഒരു മാറ്റം വരുത്തി ഉദ്യോഗസ്ഥർക്ക് അതിന് അധികാരം കൊടുത്തുകൊണ്ട് തുക നിശ്ചയിക്കുമോ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഭാഗമായി ഇത്തരം നഷ്ടങ്ങൾക്ക് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ട്.

ശ്രീ. സി.പി. മുഹമ്മദ്: സർ, പുലി കൊല്ലപ്പെട്ട സംഭവം കോന്നിയിലുണ്ടായി. മനുഷ്യനെപ്പോലെ ഒരു കാരണവുമില്ലാതെ ആളുകളെ കൊല്ലുന്ന ഒരു മൃഗമല്ല പുലി. ആ മൃഗം അരക്ഷിതമായതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. അതുകൊണ്ട് പുലി പ്രത്യക്ഷപ്പെട്ടാൽ അതിന്റെ ജീവൻ നഷ്ടപ്പെടുത്താതെ അതിനെ പിടിക്കാനുള്ള സംവിധാനമുണ്ടാകുമോ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: അത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആളുകൾ തടിച്ചുകൂടിയിട്ടാണ്.......

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേന്ദ്ര പരിസ്ഥിതി മന്ത്രാലയം പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കാനായി രൂപീകരിച്ച മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആ റിപ്പോർട്ടിനെക്കുറിച്ച് മന്ത്രി ഇവിടെ പ്രസ്താവിച്ചു, ചർച്ചകൾ നടന്നു. പശ്ചിമഘട്ട മലനിരകളെ സംരക്ഷിക്കണം അതിനൊന്നും ഒരു കുറവുമില്ല. ഇടുക്കി ജില്ലയിലെ നാല് താലൂക്കുകളും ഇതിന്റെ പരിധിയിൽപ്പെടുകയാണ്. അവിടത്തെ ജനവാസം, അവിടത്തെ ഇന്നത്തെ സാഹചര്യം ഇത്തരം കാര്യങ്ങളിൽ സംബന്ധിച്ച് സഭയിൽ സബ്മിഷൻ ഉന്നയിച്ചതുമാണ്. അതിനെക്കുറിച്ച് ആധികാരികമായി മനസ്സിലാക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കാമെന്ന മുഖ്യമന്ത്രി പറയുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽത്തന്നെയാണ് ഈ ചർച്ച നടക്കുന്നത്. ഇതിൽ ഒരു സംശയമുള്ളത് ഇടുക്കി ജില്ലയിലെ മാത്രമല്ല കേരളത്തിലെ ജനവാസ കേന്ദ്രമുൾപ്പെടെയുള്ള എല്ലാ മേഖലയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നത്. ജനപ്രതിനിധികളു

മായോ ബന്ധപ്പെട്ടവരുമായോ ഒരു ചർച്ചയും നടത്താതെ കൊടുത്തിട്ടുള്ള റിപ്പോർട്ടാണ് ഇത്. അവിടത്തെ പരിസ്ഥിതി നിലനിർത്തിക്കൊണ്ട് ജനവാസ കേന്ദ്രങ്ങളെ ബാധിക്കാത്ത നിലയിലുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഇതിന് ആവശ്യമായ നിർദ്ദേശമുണ്ടാകുമോ?

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ മണ്ഡലത്തിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ നൽകാമെന്ന് അങ്ങ് ഉറപ്പുനൽകിയിട്ടുണ്ട്. ഒരുപാട് കൃഷിനാശം സംഭവിച്ചിടത്ത് റാപ്പിഡ് ഫോഴ്സിന്റെ സജീവ സാന്നിധ്യം ഉറപ്പുനൽകിയിരുന്നു. അവശേഷിക്കുന്ന സ്ഥലത്ത് സൗരോർജ്ജ വേലി, ഫെൻസിംഗ് ഇക്കാര്യങ്ങളെക്കുറിച്ചുകൂടി പറയണം.

ശ്രീ. രാജു എബ്രഹാം: സർ, മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ റിപ്പോർട്ട് തത്കാലം കേരളത്തിൽ നടപ്പാക്കേണ്ടതില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിതലസംഘം ഡൽഹിയിൽ പോയി ബന്ധപ്പെട്ടവരെ അറിയിച്ചു. പക്ഷേ ആ റിപ്പോർട്ട് നമ്മൾ അംഗീകരിക്കുന്നുവെന്നാണ് അങ്ങ് ഏതാനും നിമിഷം മുമ്പ് പറഞ്ഞത്. അത് വ്യക്തമാക്കണം.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ആ റിപ്പോർട്ടിൽ നമുക്ക് പ്രായോഗികമായതും അപ്രായോഗികമായതുമായ പല നിർദ്ദേശങ്ങളുമുണ്ട്. സഹ്യപർവ്വതത്തിലെ പരിസ്ഥിതിയും മറ്റ് കാര്യങ്ങളും നിലനിർത്തുന്നതിന് അതിൽ കൊള്ളാവുന്നത് എടുക്കുമെന്ന് പറഞ്ഞാൽ റിപ്പോർട്ട് അംഗീകരിക്കുന്നുവെന്നല്ല അർത്ഥം. അങ്ങ് അത് തെറ്റിദ്ധരിക്കരുത്. അത് മുഖ്യമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇത് നമുക്ക് പൂർണ്ണമായി ഉൾക്കൊള്ളാൻ പറ്റാത്ത ഒരു റിപ്പോർട്ടാണ്. ഭൂമിശാസ്ത്രപരമായി നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയിൽ അത് പറ്റില്ല. വനസംരക്ഷണത്തെക്കുറിച്ച് അതിൽ പറഞ്ഞിരിക്കുന്ന ഭാഗമെടുക്കുന്നതി

നെന്താ തെറ്റ്? അതിൽനിന്ന് എടുക്കണമെന്നില്ല വായിച്ചിട്ട് ആരെങ്കിലും നോട്ട് എഴുതിയാലും മതിയല്ലോ.

ശ്രീ. സി. മമ്മൂട്ടി: സർ, കാപ്പി, കുരുമുളക്, ഏലം തുടങ്ങിയവ നൂറ്റാണ്ടുകളായി കൃഷി ചെയ്തുവരുന്ന ഭൂമി ഇക്കോളജിക്കലി ഫ്രെജൈൽ ലാൻഡ് എന്നുപറഞ്ഞ് ചുറ്റും വനഭൂമി ഇല്ലാത്ത സ്ഥലങ്ങൾ യാതൊരു നിയമവും പാലിക്കാതെ പിടിച്ചെടുത്തത് സംബന്ധിച്ചും അതിന് ഒരു നയാപൈസ പോലും കർഷകർക്ക് നഷ്ടപരിഹാരം കൊടുക്കാത്ത കേസിൽ എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞ കാര്യം ആശങ്കയ്ക്ക് വകയില്ല എന്നത് വളരെ വ്യക്തമായി പറഞ്ഞതാണ്. ഇ.എഫ്.എൽ-നെക്കുറിച്ച് പറഞ്ഞു.....

ശ്രീ. സി. ദിവാകരൻ : സർ, .......

മി. സ്പീക്കർ: ശ്രീ. ദിവാകരൻ...... ചോദിക്കുന്ന എല്ലാത്തിനും ഉത്തരം പറയാൻ സാധിക്കുമോ?

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ഞാൻ പറയാം.

ശ്രീ. സി. ദിവാകരൻ: അടിയന്തര പ്രമേയം പ്രതിപക്ഷം സ്പോൺസർ ചെയ്തതാണെന്നാണ് ചീഫ് വിപ്പ് പറയുന്നത്.

മി. സ്പീക്കർ: അത് ശ്രീ. പി.സി. ജോർജ് പുറത്ത് പത്രസമ്മേളനം നടത്തിയ കാര്യമാണ്. അതിന് എങ്ങനെ സഭ ആൻസർ പറയും?

ശ്രീ. എ.കെ. ബാലൻ: വനം വകുപ്പുമന്ത്രി യു.ഡി.എഫ്-നെ അപമാനിച്ചുവെന്നും ബഹുമാനപ്പെട്ട മന്ത്രി സ്പോൺസർ ചെയ്ത അടിയന്തര പ്രമേയമാണെന്നുമാണ് അദ്ദേഹം പറഞ്ഞത്. അതിന് മന്ത്രി മറുപടി പറയണം.

മി. സ്പീക്കർ: അതിന് അദ്ദേഹം മറുപടി പറയും. ബഹുമാനപ്പെട്ട മിനിസ്റ്റർ ഇവിടെ നടന്ന അടിയന്തര പ്രമേയം അങ്ങ് സ്പോൺസർ ചെയ്ത താണെന്നാണ് ആക്ഷേപം. X X X അങ്ങ് അത് സ്പോൺസർ ചെയ്തതാണോ എന്ന് പറഞ്ഞ് വൈൻഡ് അപ് ചെയ്യണം.

ശ്രീ. കെ.ബി ഗണേഷ് കുമാർ: കഴിഞ്ഞ ദിവസം വരെ എന്നെ ബഹിഷ്കരിച്ചിരുന്ന നിങ്ങൾ എനിക്കുവേണ്ടി ഒരു അടിയന്തരപ്രമേയം സ്പോൺസർ ചെയ്തുവെന്ന് പറഞ്ഞാൽ അത് വിശ്വസിക്കാൻ അത്രയ്ക്ക് ബുദ്ധിയില്ലാത്തവരാണോ കേരളത്തിലെ ജനങ്ങൾ? ചില ആളുകൾക്ക് എന്തും പറയാം. അത് നമ്മൾ മുഖവിലയ്ക്ക് എടുക്കരുത്. .....(ബഹളം)...... ശ്രീ. സി.പി. മുഹമ്മദ് പറഞ്ഞ കാര്യം പുലി അടക്കമുള്ള വന്യമൃഗങ്ങൾ ഇറങ്ങിയാൽ അതിനെ രക്ഷിച്ചെടുക്കാൻ വേണ്ടിയുള്ള സംവിധാനം നടപ്പിലാക്കുകയാണ്. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് വളരെ ആദരവോടെ സഭയോട് അഭ്യർത്ഥിക്കുകയാണ്. .......(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പഞ്ചായത്ത് വകുപ്പുമന്ത്രി..... അങ്ങേയ്ക്ക് സംസാരിക്കാം. ശ്രീ. സി. ദിവാകരൻ അങ്ങ് ഇവിടെ ഒരു കാര്യം ഉന്നയിച്ചു. അതിനുള്ള മറുപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറഞ്ഞു കഴിഞ്ഞു. .....(ബഹളം.... കുറ്റവാളിയൊന്നുമില്ല. ആ നിലയിലേയ്ക്ക് പോകേണ്ട. അത് ശരിയല്ല.... ശ്രീ. ബാലൻ നിങ്ങൾ പറഞ്ഞത് മനസ്സിലായി, അതനുസരിച്ച് അദ്ദേഹം മറുപടി പറഞ്ഞതാണ്. .....(ബഹളം)..... എന്നെ അവഹേളിക്കലല്ല. അങ്ങനെ ആര് വിചാരിച്ചാലും നിയമസഭയേയും ജനാധിപത്യ വ്യവസ്ഥയെയുമൊന്നും അവഹേളിക്കാൻ സാധ്യമല്ല. (ഡോ. എം.കെ. മുനീർ)

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഈ ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടും എതിർത്തു കൊണ്ടും ബഹുമാനപ്പെട്ട അംഗങ്ങൾ മുന്നോട്ടുവച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ പലതും സ്വീകരിക്കുകയും വിമർശനാത്മകമായി മാത്രം ഉന്നയിച്ചിട്ടുള്ള കാര്യ ങ്ങളെ ആ രീതിയിൽ തന്നെ കാണുകയും ചെയ്യുന്നു. പണ്ട് സോക്രട്ടീസിന്റെ അരികിൽ ഒരാൾ വന്നുപറഞ്ഞു, ഞാൻ നിങ്ങളുടെ ഏറ്റവും അടുത്ത ഒരു സുഹൃത്തിനെക്കുറിച്ച് പറയാൻ പോവുകയാണെന്ന്. അപ്പോൾ സോക്രട്ടീസ് അതിൽ എന്തെങ്കിലും സത്യമുണ്ടോ എന്ന് ചോദിച്ചു. അയാൾ പറഞ്ഞു, അതിൽ സത്യമുണ്ടെന്ന് എനിക്ക് പറയാൻ പറ്റില്ല, കാരണം ഞാൻ കേട്ടു കേൾവിയിൽ പറയുന്ന കാര്യമാണ്. സോക്രട്ടീസ് വീണ്ടും ചോദിച്ചു, അതിൽ നന്മയുണ്ടോ; നല്ലതാണോ ചീത്തയാണോ പറയാൻ പോകുന്നതെന്ന്. മോശ മായതാണ് പറയാൻ പോകുന്നതെന്ന് അദ്ദേഹം പറഞ്ഞു. സോക്രട്ടീസ് വീണ്ടും ചോദിച്ചു. ആ പറയുന്നതിൽ നിങ്ങൾക്കോ എനിക്കോ എന്തെങ്കിലും ഗുണമുണ്ടോ എന്ന്. അങ്ങനെയുണ്ടാകാൻ സാധ്യതയില്ലായെന്ന് പറഞ്ഞു. അപ്പോൾ സോക്രട്ടീസ് പറഞ്ഞു, സത്യമല്ലാത്ത, നന്മയില്ലാത്ത, ആർക്കും ഗുണമില്ലാത്ത നിങ്ങൾ പറയാൻ പോകുന്ന കാര്യം കേൾക്കാൻ ഞാൻ ആഗ്ര ഹിക്കുന്നില്ല. ഇവിടെ വന്നിട്ടുള്ള ആർക്കും ഗുണമില്ലാത്ത സത്യവിരുദ്ധമായി ട്ടുള്ള നന്മയില്ലാത്ത വിമർശനങ്ങളെ ഞാൻ അർഹിക്കുന്ന **X X X** തള്ളിക്കള യാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് അതിലേയ്ക്കൊന്നും ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഈ വകുപ്പിനെ സംബന്ധിച്ചിട ത്തോളം. .....(ബഹളം).....

ശ്രീ. സി. ദിവാകരൻ: സർ, ഈ സഭയിൽ ധനാഭ്യർത്ഥന ചർച്ച നടക്കുമ്പോൾ ഞങ്ങൾ ഭരണപക്ഷത്തും നിങ്ങൾ പ്രതിപക്ഷത്തുമായിരുന്നപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ളവർ നല്ല വിമർശനങ്ങൾ നടത്തിയിട്ടുണ്ട്. അത് പ്രതിപക്ഷാംഗങ്ങളുടെ ചുമതലയാണ്. അത് **X X X** തള്ളുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറഞ്ഞത് ശരിയല്ല. ആ വാക്കുകൾ പിൻവലിക്കണം. ......(ബഹളം)........

ഡോ. എം.കെ. മുനീർ: ഞാൻ അത് പിൻവലിച്ചു. .....(ബഹളം)..... ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട അംഗങ്ങൾ പൂർണ്ണമായി കേട്ടില്ല അതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഞാൻ ആ ഉദ്ദേശത്തിലല്ല പറഞ്ഞത്. ഞാൻ പിൻവലിച്ചു. .....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി പിൻവലിച്ചുവെന്നു പറഞ്ഞു. .......(ബഹളം)...... അദ്ദേഹം പിൻവലിച്ചുവെന്ന് പറഞ്ഞു.

ഡോ. എം.കെ. മുനീർ: ...(ബഹളം)..... ഞാൻ പിൻവലിച്ചുവെന്ന് പറഞ്ഞല്ലോ?

ശ്രീ. സി. ദിവാകരൻ: ഞങ്ങൾ ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചത് സ്പോൺസർഷിപ്പാണെന്നും ഞങ്ങളുടെ വിമർശനങ്ങളെല്ലാം **X X X** [1] തള്ളുകയാണെന്നും പറഞ്ഞ് പ്രതിപക്ഷത്തെ മാറിമാറി അപമാനിക്കുന്നതിനു തുല്യമാണ്. ജനാധിപത്യവിരുദ്ധമായ ഈ നടപടികൾക്കെതിരായി ഞങ്ങൾ സഭാ നടപടികൾ ബഹിഷ്ക്കരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ ബഹിഷ്കരിച്ച് പുറത്തുപോയി.)

---

[1] പിൻവലിച്ചു

ഡോ. എം.കെ. മുനീർ: സർ, ഇവിടെ ഞാൻ ആ ഉദ്ദേശത്തിലല്ല പറഞ്ഞത്. മാത്രമല്ല, അത് പിൻവലിച്ചതിനുശേഷവും പ്രതിപക്ഷാംഗങ്ങൾ ഇറങ്ങിപ്പോകുന്നുവെന്ന് പറഞ്ഞാൽ..........

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സോക്രട്ടീസിന്റെ ചില വരികൾ ഉദ്ധരിച്ചാൽ ഇത്രയും കോൺസിക്വൻസ് ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മുനീർ കരുതിയില്ല.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഡോ. എം.കെ. മുനീർ പ്രതിപക്ഷാംഗങ്ങൾ എന്ന് പറഞ്ഞിട്ടില്ല. ഭരണപക്ഷത്തിനിന്ന് പറഞ്ഞതാണെങ്കിലും ബാധകമാകുന്ന രൂപത്തിലാണ് അദ്ദേഹം പറഞ്ഞത്. അവർ നേരത്തെ പോകാൻ തീരുമാനിച്ചതാണ്. അതിനൊരു കാരണം കണ്ടെത്തിയെന്ന് മാത്രമേയുള്ളൂ. അതുകൊണ്ട് ഇതിന് വലിയൊരു പ്രാധാന്യം കൊടുക്കേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. എം.കെ. മുനീർ: ഇവിടെ സംസാരിക്കുമ്പോൾ ചില വാക്കുകൾ അബദ്ധത്തിൽ വന്നുപോകാറുണ്ട്. പക്ഷേ, അത് പിൻവലിച്ചുവെന്ന് പറഞ്ഞാലും സ്വീകാര്യമല്ലാത്തൊരു നിലപാട് സ്വീകരിക്കുന്നത് യഥാർത്ഥത്തിൽ ഒരു ജനാധിപത്യ സംവിധാത്തിന് പറ്റിയതാണോ എന്നുള്ള ചോദ്യം കൂടി ഞാൻ ഉന്നയിക്കുകയാണ്. ഇവിടെ അവർ ഉന്നയിച്ച പല ചോദ്യങ്ങൾക്കും മറുപടി കേൾക്കാനുള്ള സന്മനസ്സുപോലും കാണിച്ചില്ല. അധികാരവികേന്ദ്രീകരണവുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ചാണ് പ്രധാനമായും ചർച്ച ചെയ്തത്. TAG എന്ന സംവിധാനത്തെ എതിർത്തുകൊണ്ട് പലരും ഇവിടെ സംസാരിച്ചു. പക്ഷേ, ഇവിടത്തെ എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും ഒരേ സ്വരത്തിൽ പറഞ്ഞിട്ടുള്ള കാര്യമാണ് TAG. മാത്രമല്ല,

അതിനെപ്പറ്റി പ്രൊഫ. സി. രവീന്ദ്രനാഥ് വളരെ മനോഹരമായ ഒരു ക്ലാസ് തന്നെ എടുക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ക്ലാസ് യാഥാർത്ഥ്യമാകണമെങ്കിൽ ഇപ്പോഴത്തെ പഞ്ചവത്സര പദ്ധതിയുടെ പുതിയ നിലപാട് ശരിയാണെന്ന് അദ്ദേഹം സമ്മതിക്കേണ്ടതുണ്ട്. കാരണം, അദ്ദേഹം പറഞ്ഞത് താഴെത്തട്ടിൽ അധികാരവികേന്ദ്രീകരണം ഉണ്ടാകണമെങ്കിൽ താഴെത്തട്ടിൽ നിന്നുള്ള അഭിപ്രായം വേണമെന്നാണ്. ഇത്രയുംകാലം ഗ്രാമസഭകൾ നോക്കുകുത്തികളായിരുന്നു. ഗ്രാമസഭകളിൽ എടുക്കുന്ന തീരുമാനങ്ങൾ ഒരിക്കലും പ്രാവർത്തികമാക്കിയിരുന്നില്ല. അതുകൊണ്ടുതന്നെ ഗ്രാമസഭകൾ ആളുകൾ ഇല്ലാതെ ശുഷ്കിച്ചതായും പലഗ്രാമസഭകൾ ചേരാതെയും വന്നു. പക്ഷേ ഇപ്പോഴുള്ള നിലപാടിലേയ്ക്ക് വന്നതോടുകൂടി ഇനി ഗ്രാമസഭകളിൽ ജനങ്ങൾ ഉണ്ടാകുവുകയും, അവിടെ എടുക്കുന്ന തീരുമാനം നടപ്പിലാകുമെന്നൊരു ആത്മവിശ്വാസം ജനങ്ങൾക്കുണ്ടാകുകയും അതിലൂടെ അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിരിക്കുന്നുവെന്നതുമാണ് ഏറ്റവും ശ്രദ്ധേയമായിട്ടുള്ള കാര്യം. മാത്രമല്ല, ആവശ്യത്തിന് എഞ്ചിനീയർമാരില്ലായെന്ന കാര്യത്തെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഈ ഗവൺമെന്റാണ് സത്യത്തിൽ എഞ്ചിനീയർമാരെ കൊണ്ടുവന്നിരിക്കുന്നത്. അതനുസരിച്ച് 574 പഞ്ചായത്തുകൾക്ക് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്ന നിലയിലേയ്ക്കും 404 പഞ്ചായത്തുകൾക്ക് രണ്ട് പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്നുള്ള നിലയ്ക്കും കൂടുതൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തികയുണ്ടാക്കാൻ ഈ സാമ്പത്തിക പ്രതിസന്ധിയിലും സന്മനസ്സ് കാണിച്ച ധനകാര്യ വകുപ്പുമന്ത്രിയേയും മുഖ്യമന്ത്രിയേയും അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇക്കാര്യത്തിൽ എന്ത് നിലപാട് സ്വീക

രിച്ചുവെന്ന പ്രതിപക്ഷാംഗങ്ങളുടെ ചോദ്യത്തിന് അതിന്റെ ഉത്തരവ് ഇറങ്ങിക്കഴിഞ്ഞുവെന്നുള്ള മറുപടിയാണ് ഞങ്ങൾക്ക് ഇവിടെ പറയാനുള്ളത്. കാരണം, ഞങ്ങൾ ചെയ്യുമെന്ന് പറയുക മാത്രമല്ല, ചെയ്തുകഴിഞ്ഞ് അതിന്റെ ഗവൺമെന്റ് ഓർഡറുമായി ഇവിടെ വരുന്ന ഒരു പാരമ്പര്യമാണ് യു.ഡി.എഫ്. കാണിക്കുന്നത്. അതിന്റെ ഉത്തരവ് ഞങ്ങളുടെ കയ്യിലുണ്ട് എന്ന് ഞങ്ങൾ അറിയിക്കുകയാണ്. കുടുംബശ്രീയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. യഥാർത്ഥത്തിൽ കുടുംബശ്രീയെ മുന്നോട്ടുകൊണ്ടുവരാൻ ഏറ്റവും കൂടുതൽ ശ്രമിക്കുന്നത് ഈ ഗവൺമെന്റാണ്. ഇതിനായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 45 കോടി രൂപയാണ് നീക്കിവച്ചിരുന്നതെങ്കിൽ ഇപ്രാവശ്യം 84 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. കുടുംബശ്രീക്ക് ഇത്രയും പണം മാറ്റിവച്ച മറ്റൊരു കാലഘട്ടമുണ്ടായിട്ടില്ല. മാത്രമല്ല, കുടുംബശ്രീക്ക് എല്ലാവിധത്തിലുമുള്ള പിന്തുണയും ഗവൺമെന്റിൽ നിന്ന് ലഭിക്കുന്നുണ്ട്. കുടുംബശ്രീ ഉള്ളതുകൊണ്ട് മറ്റ് പ്രസ്ഥാനങ്ങളോ എൻ.ജി.ഒ. സംഘടനകളോ ഉണ്ടാകാൻ പാടില്ലായെന്ന നിലപാടിനോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇവിടെ ജനശ്രീ പോലുള്ള ധാരാളം പ്രസ്ഥാനങ്ങൾ വിവിധ സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകളായി പ്രവർത്തിക്കുന്നുണ്ട്. അത്തരം സംഘടനകൾ ഈ രാജ്യത്ത് പ്രവർത്തിക്കാൻ പാടില്ലെന്ന് പറയാൻ ജനാധിപത്യ വ്യവസ്ഥയിൽ സാധിക്കുകയില്ല. പക്ഷേ കുടുംബശ്രീ എന്ന പ്രസ്ഥാനത്തെ ഗവൺമെന്റിന്റെ നോഡൽ ഏജൻസിയായി കണ്ടുകൊണ്ട് സഹായിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് എൻ.ആർ.എൽ.എം., എം.കെ.എസ്.പി. മറ്റിതര പദ്ധതികളും കുടുംബശ്രീ വഴിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. മാത്രമല്ല, കുടുംബശ്രീയുമായി ബന്ധപ്പെട്ട് ഒരുകാര്യം കൃഷി വകുപ്പുമന്ത്രിക്ക് ഉറപ്പുനൽകാൻ

ആഗ്രഹിക്കുന്നു. നിങ്ങൾ പച്ചക്കറിയുണ്ടാക്കാൻ ആഗ്രഹിക്കുന്നുവെന്നും അത് കൂടുതൽ വ്യാപിപ്പിക്കുന്നുവെന്നും പറഞ്ഞു. എന്നാൽ മൊത്തം ആവ ശ്യമുള്ള പച്ചക്കറിയുടെ 15 ശതമാനം കുടുംബശ്രീയിലൂടെ കൃഷി ചെയ്ത് നൽകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ കൃഷിക്കുവേണ്ടി പ്രത്യേകം സെക്ടറൽ അലോക്കേഷൻ നൽകിയില്ലായെന്ന് പറഞ്ഞു. പക്ഷേ, കൃഷിക്കുവേണ്ടി എത്രവേണമെങ്കിലും ഉപയോഗിക്കാമെന്ന് മാത്രമല്ല, സ്ത്രീകൾക്കുവേണ്ടിയുള്ള ഘടകം പത്ത് ശതമാനം വച്ചിട്ടുണ്ട്. അതും യഥാർത്ഥത്തിൽ കൃഷിക്കാണ് ലഭിക്കാൻ പോകുന്നത്. ഗ്രൂപ്പ് ഫാമിംഗ് ശക്ത മാകാൻ പോകുന്നു, ലാന്റ് ബാങ്ക് ഉണ്ടാക്കുന്നതിനെക്കുറിച്ച് കൃഷിവകുപ്പും റവന്യൂ വകുപ്പുമന്ത്രിമാരുമായി സംസാരിച്ചു. അങ്ങനെ ഈ മേഖലയി ലേയ്ക്ക് കൂടുതൽ സ്ത്രീകൾ കടന്നുവരുമ്പോൾ യഥാർത്ഥത്തിൽ സ്ത്രീകൾക്കുവേണ്ടി മാറ്റിവച്ചിട്ടുള്ള വനിതാ ഘടക പദ്ധതികൾക്കും കൃഷി യുടെ ഗുണം ലഭിക്കുന്നതുകൊണ്ട് കാർഷിക മേഖലയിൽ പ്രൊഡക്ടിവിറ്റി കൂടാനുള്ള സാധ്യതയുണ്ട്. അതേസമയം 45 ശതമാനം ഇൻഫ്രാസ്ട്രക്ച്ചർ മുഴുവൻ ഉപയോഗിക്കണമെന്നല്ല, അത് മാക്സിമമാണ്. നിങ്ങൾക്ക് അതിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. കൃഷിയെ പ്രൊഡക്ടീവ് സെക്ടറി ലേയ്ക്ക് കൊണ്ടുവരണമെങ്കിൽ കൊണ്ടുവരാം. പക്ഷേ, വൻ നഗരങ്ങളിൽ കാർഷിക സെക്ടറിനുവേണ്ടി മാറ്റിവയ്ക്കുന്ന തുക പലപ്പോഴും പദ്ധതി നിർവ്വഹണം പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയുണ്ടായിട്ടുള്ളതു കൊണ്ടാണ് 100 ശതമാനം യൂട്ടിലിറ്റി നമ്മുടെ പദ്ധതിവിഹിത്തിൽ ഉണ്ടാകു മെന്നുള്ളത് ഇതിന്റെ ശ്രദ്ധേയമായിട്ടുള്ള കാര്യം. (തുടരും)

10.7.2012 JJ/BC-4
4.00-4.10

ഡോ. എം.കെ. മുനീർ (തുടർച്ച)

സർ, ശുചിത്വമിഷനുമായി ബന്ധപ്പെട്ട്, എന്റെ സുഹൃത്ത് ശ്രീ. വി.റ്റി. ബൽറാം പറഞ്ഞിട്ടുള്ള ഒരു കാര്യം അറവുശാലയെ സംബന്ധിച്ചാണ്. അറവു ശാലയ്ക്ക് 100 ശതമാനവും സബ്സിഡി കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ലാൻഡ് തരികയാ ണെങ്കിൽ, ലാൻഡ് ലഭ്യമാകുന്ന സ്ഥലത്തൊക്കെ അറവുശാല അനു വദിക്കും. മൊത്തം 50 സെന്റ് സ്ഥലം വേണം. അതിനുവേണ്ടള പണം ഞങ്ങ ളുടെ കൈവശമുണ്ട്. കഴിഞ്ഞവർഷത്തെ പണം ഉപയോഗിക്കാതെ കിടന്നതു കൊണ്ട് ആ പണവുംകൂടി നമുക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ലോകബാങ്ക് പദ്ധതിയിൽ റുപ്പി വാല്യുവിൽ വന്നിട്ടുള്ള മാറ്റം കാരണം നമുക്ക് 36 കോടി രൂപയുടെ സേവിംഗ്സ് വന്നിട്ടുണ്ട്. ആ സേവിംഗ്സിലെ 6 കോടി രൂപ ഉപയോഗിച്ച് ഐ.കെ.എം.–ൽ ജി.ഐ.എസ്. ഉണ്ടാക്കാൻ ഉദ്ദേ ശിക്കുന്നു. ബാക്കിയുള്ള പണം ചലഞ്ച് ഫണ്ടായി, ഏറ്റവും നന്നായി ഇന്നൊ വേറ്റീവായ പ്രോജക്ടുകൾ മുന്നോട്ടുകൊണ്ടുപോകുന്ന പഞ്ചായത്തുകൾക്ക് കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. മൈനസ് പഞ്ചായത്തുകളായ ഓൺ ഫണ്ടുപോലുമില്ലാത്ത പഞ്ചായത്തുകൾക്ക് ഇതുപോലെ പണം കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നുവെന്ന് പറ യാൻ ആഗ്രഹിക്കുകയാണ്. കുടുംബശ്രീയിലൂടെതന്നെ ഞങ്ങൾ ചില കാര്യ ങ്ങൾ ചെയ്യുന്നുണ്ട്. എൻ.എസ്.എ.പി.–യിൽ (നാഷണൽ സോഷ്യൽ അസി സ്റ്റൻസ് പ്രോഗ്രാം) 60% മാത്രം വാങ്ങുന്ന ഒരു സ്റ്റേറ്റാണ് യഥാർത്ഥത്തിൽ കേരളം. അത് 100% ആക്കണമെന്ന ഉദ്ദേശത്തിൽ കുടുംബശ്രീയെ ഉപയോഗി

ച്ചുകൊണ്ട് അതിന്റെ കണക്കെടുപ്പ് നടത്തുകയും കേരളം 100%-ഉം എൻ.എ സ്.എ.പി. ഫണ്ട് വാങ്ങുന്ന ഒരു സംസ്ഥാനമാക്കി മാറ്റാനും ആഗ്രഹിക്കുക യാണ്. തീർച്ചയായും ഈ രാജ്യത്തെ പാവപ്പെട്ട, പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കേണ്ട എല്ലാ ആളുകൾക്കും അതിന്റെ ഗുണഫലം ലഭിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. അതിന് എം.എൽ.എ.-മാരുടെ പൂർണ്ണ പിന്തുണ ആവ ശ്യമാണ്. കുടുംബശ്രീയുടെ പ്രവർത്തനങ്ങളോടൊപ്പം ഇതുവരെ കാര്യങ്ങൾ ചെയ്ത രീതിയിലുള്ള സഹകരണമുണ്ടെങ്കിൽ 140 മണ്ഡലങ്ങളിലും എൻ.എ സ്.എ.പി. പൂർത്തീകരിക്കുന്നതിന് സാധിക്കും. അതുപോലെ ആശ്രയ പദ്ധ തിയുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിനുവേണ്ടി നിങ്ങളുടെ പൂർണ്ണമായ സഹകരണം ആവശ്യമാണെന്നുകൂടി ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹി ക്കുകയാണ്. സ്ത്രീകൾക്കാവശ്യമായിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതി നുവേണ്ടിയുള്ള ഫിനാൻഷ്യൽ എയ്ഡ് കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കു ന്നുണ്ട്. കുറച്ചുകഴിഞ്ഞ് സ്ത്രീകൾക്ക് മാത്രമായി ഫിനാൻസ് കൊടുക്കുന്ന രീതിയിലുള്ള ഒരു ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കുടുംബശ്രീയെ കൊണ്ടുപോകണമെന്നുള്ള ഉദ്ദേശത്തിൽ ചില നടപടികളുമായി മുന്നോട്ടു പോകുന്നുണ്ട് എന്ന കാര്യവും ഇവിടെ അറിയിക്കുകയാണ്. സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ 40 കോടി രൂപയുടെ പ്രവർത്തനം .............

<u>ശ്രീ. പാലോട് രവി</u> : സർ, അങ്ങ് അടിസ്ഥാനവിവര ശേഖര ണത്തെക്കുറിച്ച് സംസാരിക്കുകയുണ്ടായി. കേരളത്തിലെ പഞ്ചായത്തുകളിൽ ധാരാളം നാടൻ കലാരൂപങ്ങൾ ഉണ്ട്. അവ നമ്മുടെ സാംസ്കാരിക സംരക്ഷ ണത്തിനുള്ളവയാണ്. പഞ്ചായത്തുകളിലെ ഏതെങ്കിലും ഒരു വാർഡ് കേന്ദ്രീ കരിച്ച് ഒരു ചെറിയ കലാഗ്രാമം ആരംഭിക്കണം. 1000 പഞ്ചായത്തുകളിലും

1000 കലാഗ്രാമങ്ങൾ ആരംഭിക്കണം. നാടൻ പൈതൃകം നിലനിറുത്താൻ ഒരു പഞ്ചായത്തിലെ ഒരു വാർഡിന്റെ ഏതെങ്കിലുമൊരു ഭാഗത്ത്, ഒരു നദീതീരത്ത് ഒരു കലാഗ്രാമം ആരംഭിക്കുന്നതിന് അങ്ങ് നേതൃത്വം നൽകുമോ? നമ്മുടെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഈ കലാഗ്രാമം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഡോ. എം.കെ. മുനീർ : പഞ്ചായത്തുകളിൽ കലാഗ്രാമങ്ങൾ ഉണ്ടാകണമെന്ന ഉദ്ദേശത്തിൽ അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയാണ്. ലാൻഡ് ലഭ്യമാകുന്ന സ്ഥലത്ത് കലാഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനെപ്പറ്റി പഞ്ചായത്ത് വകുപ്പ് ഗൗരവമായി ആലോചിക്കുന്നു. അതൊരു നല്ല നിർദ്ദേശമായിട്ടാണ് ഞാൻ കാണുന്നത്.

സാമൂഹ്യക്ഷേമ വകുപ്പിനെക്കുറിച്ച് പറഞ്ഞുതുടങ്ങുന്നതിനുമുമ്പ് ബഹുമാനപ്പെട്ട സ്പീക്കർ ഇവിടെ ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യത്തിന് മറുപടി പറയാം. ആദിവാസി സെറ്റിൽമെന്റ് ഏരിയകളിലെ യുവതികൾക്കിടയിൽ നിന്നു തന്നെ ഗൈഡൻസ് വോളണ്ടിയർമാരെ നിയമിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പ് നടപടി കൈക്കൊള്ളണമെന്ന് അങ്ങ് പറഞ്ഞു. ഇതുമൂലം പല നല്ല പദ്ധതികളും ആദിവാസി ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിന് ഇത്തരത്തിലുള്ള വോളണ്ടിയർമാരുടെ നിയമനം ഗുണം ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. അത് വളരെ സന്തോഷത്തോടുകൂടി സ്വീകരിക്കുകയും ഇതിന്റെ ആദ്യപടിയായി വിതുര, കുറ്റിച്ചൽ എന്നീ പ്രദേശങ്ങളിൽ ഗൈഡൻസ് വോളണ്ടിയർമാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടിയെടുക്കുമെന്ന് ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയുമാണ്. ഡിസേബിൾഡ് ആയിട്ടുള്ള ആളുകളെ കണ്ടെത്തി അവർക്ക് പുനരധിവാസം, വിദ്യാഭ്യാസം തുടങ്ങിയവ

നൽകുന്നതിനായി 40 കോടി രൂപയുടെ സോഷ്യൽവെൽഫയർ പ്രോജക്ട് ഉണ്ടാക്കുന്നതിനുവേണ്ടി ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള ആ കമ്മിറ്റിയിൽ വിവിധ വകുപ്പുകളുണ്ട്. അതിനെ ഇന്റഗ്രേറ്റ് ചെയ്ത് ഡിസേബിൾഡ് ആയിട്ടുള്ള ആളുകളെ എല്ലാതരത്തിലും സംരക്ഷിക്കുന്നതിനുവേണ്ടി ഈ 40 കോടി രൂപ വിനിയോഗിക്കുമെന്ന് ഈ സന്ദർഭത്തിൽ പറയുകയാണ്. അതുപോലെ, ഇവിടെ 140 മോഡൽ അംഗൻവാടികളെക്കുറിച്ച് പറഞ്ഞു. ബാക്കിവരുന്ന 33,000 അംഗൻവാടികൾ എന്ത് ചെയ്യുമെന്ന ഒരു ചോദ്യമിവിടെ ഉയർന്നുവന്നു. അതിനുവേണ്ടി ജപ്പാൻ ബാങ്കിന് (ജൈക്ക) ഒരു പ്രോജക്ട് സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. അതിൽ 250 എണ്ണത്തെ ഞങ്ങൾ മോഡലായി എടുക്കുകയാണ്. അത് അംഗീകരിച്ചുകിട്ടിക്കഴിഞ്ഞാൽ ഘട്ടംഘട്ടമായി ഈ 33,000 അംഗൻവാടികളും അപ്ഗ്രേഡ് ചെയ്യാൻ തന്നെയാണ് തീരുമാനം. ലാൻഡ് ഇല്ലാത്ത സ്ഥലത്ത് ലാൻഡ് കണ്ടെത്തി അവ കൊണ്ടുവരണമെന്നാണ് ഉദ്ദേശിക്കുന്നത്. അതുപോലെ ഡിസേബിൾഡ് ആയിട്ടുള്ള ആളുകൾക്ക് ഇപ്പോൾ മെഡിക്കൽ ബോർഡാണ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത്. അതിൽ മൂന്ന് ഡോക്ടേഴ്സ് ഉണ്ടാകണം. അത് വേണ്ടായെന്ന് സെൻട്രൽ ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. മൾട്ടിപ്പിളായിട്ടുള്ള ഡിസെബിലിറ്റിക്ക് മാത്രമേ ബോർഡ് ആവശ്യമുള്ളൂവെന്നും സിംഗിളായുള്ള ഡിസെബിലിറ്റിക്ക് ഒരു ഡോക്ടർ മതി എന്നുമുള്ള തീരുമാനമായിട്ടുണ്ട്. അതിനുള്ള ഓർഡർ ഇന്ന് ഇഷ്യു ചെയ്തിരിക്കുകയാണ്. അതുപ്രകാരം ഇനി സി.എച്ച്.സി.-യിലും ഗവൺമെന്റ് ഡിസ്ട്രിക്റ്റ് ഹോസ്പിറ്റലുകളിലുമൊക്കെ ഒരു ഡോക്ടർ സർട്ടിഫൈ

ചെയ്താൽ മതി. കണ്ണിന്റെ കാര്യമാണെങ്കിൽ കണ്ണിന്റെ ഡോക്ടർ സർട്ടിഫൈ ചെയ്താൽ മതി. ഇതിനുവേണ്ടി പ്രത്യേക ക്യാമ്പ് വിളിച്ചുചേർത്ത് ചെയ്യേണ്ട ആവശ്യമില്ല. ഇതോടുകൂടി ഡിസേബിൾഡ് ആയിട്ടുള്ള ആളുകൾക്ക് കേരളത്തിൽ എത്രയുംപെട്ടെന്ന് ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടുന്നതിന് സഹായകമായിട്ടുള്ള അവസ്ഥയുണ്ടാകും. മാത്രമല്ല 140 മണ്ഡലങ്ങളിലും അടുത്ത മാർച്ചാകുമ്പോഴേക്കും ഡിസേബിൾഡ് ആയിട്ടുള്ള ആളുകൾക്ക് വീൽ ചെയർ, ഹിയറിംഗ് എയ്ഡ്, കണ്ണട, ആവശ്യമായിട്ടുള്ള മറ്റ് ഉപകരണങ്ങൾ തുടങ്ങിയവ വിതരണം ചെയ്യുന്നതിനുവേണ്ടിയിട്ടുള്ള ക്യാമ്പുകൾ എം.എൽ.എ.–മാരുടെ നേതൃത്വത്തിൽ ഞങ്ങൾ നടത്തും. അവർക്കെല്ലാവർക്കും അവ സൗജന്യമായി കൊടുക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കും. മുച്ചക്ര വാഹനത്തിൽ മോട്ടോറൈസ്ഡ് ആയിട്ടുള്ള സ്ക്കൂട്ടർ, രണ്ട് സൈഡിലും വീൽ ഘടിപ്പിച്ചിട്ടുള്ള സ്ക്കൂട്ടർ കൊടുക്കുമെന്നൊരു പ്രഖ്യാപനം മുഖ്യമന്ത്രി നടത്തിയിരുന്നു. ഈ വർഷം 100 മുച്ചക്രവാഹനങ്ങൾ, മോട്ടോറൈസ്ഡായിട്ടുള്ള സ്ക്കൂട്ടറുകൾ കൊടുക്കാനുള്ള തീരുമനമെടുത്തിട്ടുണ്ട്. അത് കൂടുതൽ വർദ്ധിപ്പിക്കുന്നതിനെപ്പറ്റിയും ആലോചിക്കുന്നു. കെ.എസ്.എസ്.എം.–ഉം വികലാംഗ കോർപ്പറേഷനും കൂടി ചേർന്നാണ് അവ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : സർ, മോട്ടോറൈസ്ഡായിട്ടുള്ള മുച്ചക്ര വാഹനങ്ങൾ നൽകാൻവേണ്ടി പഞ്ചായത്തുകൾ എടുത്ത തീരുമാനത്തെ പലപ്പോഴും റിജക്ട് ചെയ്തതായിട്ട് അറിയാൻ സാധിച്ചു. ആ രീതി ഇപ്പോഴും തുടരുന്നുണ്ടോ; അതിന് അനുമതിയുണ്ടോ?

ഡോ. എം.കെ. മുനീർ : സർ, ഇതിനുപുറമേ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമ പഞ്ചായത്തിനും ഞങ്ങൾ പെർമിസീവ് സാങ്ഷൻ കൊടുത്തിരിക്കുകയാണ്. അവരുടെ 5% വരുന്ന പ്രോജക്ടിൽ ഇതുപോലെ മുച്ചക്ര വാഹനം (മോട്ടോറൈസ്ഡ് വെഹിക്കിൾ) കൊടുക്കുന്ന തിനുള്ള തീരുമാനമെടുക്കാം. വനിതാ വികസന കോർപ്പറേഷൻ ഏകദേശം 49 കോടിയോളം രൂപ വിവിധ പദ്ധതികളിലൂടെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് പലതരത്തിലുള്ള പ്രോജക്ട് തുടങ്ങാൻവേണ്ടി നൽകുകയാണ്. കൂടാതെ ഷീ ടോയ്ലറ്റ്സ് ഉണ്ടാക്കുക യാണ്. 23 എണ്ണം തിരുവനന്തപുരത്ത് ആരംഭിക്കുകയാണ്. 200 എണ്ണം കേര ളത്തിൽ മൊത്തത്തിൽ തുടങ്ങുകയാണ്. പഞ്ചായത്തുകളെക്കൂടി ഇതിൽ ഇൻവോൾവ് ചെയ്യിച്ച് ഏകദേശം 2000-ത്തോളം ഷീ ടോയ്ലറ്റുകൾ കേരള ത്തിലുടനീളം പഞ്ചായത്തു വകുപ്പിലൂടെയും വനിതാ വികസന കോർപ്പറേഷ നിലൂടെയും അനുവദിക്കുന്നതാണ്. സാനിറ്ററി നാപ്കിൻസ് പലപ്പോഴും ആദി വാസി മേഖലകളിലെ, മലയോരമേഖലകളിലെ സ്ത്രീകൾ ഉപയോഗിക്കാത്ത തിന്റെ ഫലമായി ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നുണ്ട്. അവർക്ക് ഇപ്പോൾ സെൻട്രൽ ഗവൺമെന്റിന്റെ ഒരു പദ്ധതിയിലൂടെ സാനിറ്ററി നാപ്കിൻസ്, സ്ക്കൂളുകളിലാണെങ്കിൽ ഫ്രീയായിട്ടും അല്ലാത്ത സ്ഥലത്ത് സൗജന്യ വിലയ്ക്കും കിട്ടുന്ന രീതിയിലേയ്ക്ക് കൊടുക്കുന്നതിനുവേണ്ടി വനിതാ വികസന കോർപ്പറേഷനെ ഉപയോഗപ്പെടുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ താല്പര്യമെടുത്ത് അദ്ദേഹം ചെയർമാനായ നിർഭയാ പദ്ധ തിയിലൂടെ മൂന്ന് കോർട്ടുകൾ കൊണ്ടുവരികയാണ്. മൂന്ന് ഫാസ്റ്റ് ട്രാക്ക് കോർട്ടുകൾ വരുന്നതോടുകൂടി സ്ത്രീകൾ അനുഭവിക്കുന്ന ദുരിതങ്ങൾക്ക്

എത്രയുംപെട്ടെന്ന് അറുതിവരുത്തുന്നതിനുവേണ്ടി കോർട്ടുകളെ ഉപയോഗപ്പെടുത്താൻ സാധിക്കും. അവർക്ക് താമസത്തിനുവേണ്ടിയിട്ടുള്ള സ്റ്റേ ഹോമുകൾ ഉണ്ടാക്കുന്നതിനുവേണ്ടിട്ടുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

(തുടരും)

P-10.07.12-GR-BC-4
4.10 – 4.20

(ഡോ. എം. കെ. മുനീർ – തുടർച്ച)

'സ്നേഹപൂർവ്വം' എന്ന പദ്ധതി മുഖ്യമന്ത്രിയുടെ ഒരു ആശയമാണ്. അനാഥാലയങ്ങളിൽ അനാഥർക്ക് കൊടുക്കുന്നതുപോലെ, ചില വീടുകളിൽ അനാഥരെ സംരക്ഷിക്കുന്നുണ്ട്. പ്രത്യേകിച്ച് അച്ഛനും അമ്മയും അപകടത്തിൽ മരിച്ചുപോകുമ്പോൾ വയസ്സായിട്ടുള്ള അപ്പൂപ്പനും അമ്മൂമ്മയും ആ കുട്ടിയെ സംരക്ഷിക്കുന്ന സ്ഥിതി വരുന്നു. പക്ഷേ കുട്ടിയുടെ പഠനത്തിനാവശ്യമായി പണം മുടക്കാൻ അവർക്ക് സാധിക്കുന്നില്ല. അങ്ങനെയുള്ളവർക്കുവേണ്ടിയാണ് സ്നേഹപൂർവ്വം എന്ന പദ്ധതിയുണ്ടാക്കിയിട്ടുള്ളത്. എസ്.എസ്.എൽ.സി.–ക്ക് മുകളിലുള്ളവർക്ക് 1000 രൂപയും അതിനുതാഴെയുള്ളവർക്ക് 750–ഉം 300–ഉം രൂപ വച്ച് കൊടുക്കുന്ന സ്നേഹപൂർവ്വം പദ്ധതി ഇവിടെ നടപ്പിലാക്കി. അത് സംബന്ധിച്ചിട്ടുള്ള ഉത്തരവും ഇറങ്ങിക്കഴിഞ്ഞു എന്നുള്ളത് വളരെ സന്തോഷത്തോടുകൂടി സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ജെൻഡർ പാർക്കുകൾ ഉണ്ടാക്കുകയാണ്. കോഴിക്കോട് ജെൻഡർ പാർക്ക് ഇരുപത് ഏക്കർ ഭൂമിയിൽ പത്തുകോടി രൂപ ചെലവഴിച്ചാണ് നിർമ്മിക്കുന്നത്. സ്ത്രീകൾക്കുവേണ്ടിയുള്ള കാര്യങ്ങൾ ഇന്റഗ്രേറ്റ് ചെയ്തുകൊണ്ട്, പ്രത്യേകിച്ച് ജെൻഡർ ബഡ്ജറ്റിംഗ് നിർണ്ണായക ഘടകമായി മാറുന്ന സാഹചര്യത്തിൽ അതിനെ ഏകീകരിക്കുന്നതിനുവേണ്ടി ജെൻഡർ പാർക്ക് കോഴിക്കോട് ആരംഭിക്കുകയാണ്. അതുപോലെ കാക്കനാടും തിരുവനന്തപുരത്ത്

പൂജപ്പുരയിലും ജെൻഡർപാർക്ക് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ വർഷംതന്നെ ആരംഭിക്കുന്നതാണ്. ധാരാളം കാര്യങ്ങൾ പറയാനുണ്ടെങ്കിലും സമയപരിമിതിയുണ്ട്.

ശ്രീ. എം. വി. ശ്രേയാംസ്കുമാർ: സർ, അങ്ങ് ജെൻഡർ ഇഷ്യൂവിനെക്കുറിച്ച് പറഞ്ഞു. ജെറിയാട്രിക് ഇഷ്യൂ കേരളത്തിൽ വലിയൊരു പ്രശ്നമാണ്, പ്രത്യേകിച്ച് ലൈഫ് എക്സ്പെൻസ് കൂ.ടിവരുന്ന സ്ഥിതിക്ക്. ഇവിടെ ആവറേജ് 75 വയസ്സുവരെ ജീവിക്കുന്നുണ്ട്. ജെറിയാട്രിക് ഫ്രണ്ട്‌ലിയായിട്ടുള്ള ഒരു സോഷ്യൽ ഇൻഫ്രാസ്ട്രക്ച്ചറും കേരളത്തിലില്ല. ഹോസ്പിറ്റലുകൾപോലും ആ രീതിയിലല്ല വിഭാവന ചെയ്തിട്ടുള്ളത്. ഈ കാര്യത്തെക്കുറിച്ച് ഒരു നയമുണ്ടാക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. എം. കെ. മുനീർ: സർ, തീർച്ചയായും ഇതിനൊരു നയം രൂപീകരിച്ചിട്ടുണ്ട്. 2006-ൽ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ് ഈ നയം രൂപീകരിച്ചത്. അത് കാലഘട്ടത്തിനനുസൃതമായി ഞങ്ങൾ മാറ്റുകയാണ്. കാരണം, ഇപ്പോൾ കേരളത്തിൽ വയോജനങ്ങളുടെ എണ്ണം പതിനൊന്ന് ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. പത്ത് ശതമാനം കടന്നുകഴിഞ്ഞാൽ ശരിക്കും ഓൾഡ് ഏജ് സൊസൈറ്റി എന്നാണ് വിളിക്കേണ്ടത്. ഇൻഡ്യയിലെ ഏക ഓൾഡ് ഏജ് സൊസൈറ്റി കേരളമായി മാറിയിരിക്കുകയാണ്. വയോജനങ്ങളുടെ ക്ഷേമം മാത്രമല്ല, അവരെ ഹ്യൂമൻ റിസോഴ്സായി ഉപയോഗിക്കുക എന്നുള്ള ഉദ്ദേശത്തോടെ ആ നയത്തിൽ മാറ്റങ്ങൾ വരുത്തുകയാണ്. എയ്ഞ്ചൽസ് എന്ന ഒരു  പദ്ധതി കോഴിക്കോടുണ്ട്. 136 ആംബുലൻസുകൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. എയ്ഞ്ചൽസും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനും കൂടി ചേർന്നുകൊണ്ട് 136 ആംബുലൻസുകളും ആ മേഖലയിലെ

വയോജനങ്ങൾക്ക് ഏതുസമയത്ത് ആവശ്യമുണ്ടെങ്കിലും ആശുപത്രിയിൽ പോകുന്നതിന് ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തിട്ടുണ്ട്. അതിനുപുറമേ മൊബൈൽ ക്ലിനിക്കുകൾ അവിടെ സ്ഥാപിച്ചുകഴിഞ്ഞു. എല്ലാ ജില്ലയിലേയും ഒരു മുനിസിപ്പാലിറ്റിയിൽ വയോമിത്രം എന്ന പരിപാടി ആവിഷ്ക്കരിക്കുകയാണ്. അതിനുപുറമേ കേരളത്തിൽ മുഴുവൻ എയ്ഞ്ചൽസ് എന്നു പറയുന്ന പദ്ധതിവഴി സ്വകാര്യമേഖലയിലേയും പൊതു മേഖലയിലേയും എല്ലാ ആംബുലൻസ് നെറ്റ്‌വർക്കുകളേയും കൂട്ടിക്കൊണ്ട് വയോജനങ്ങൾക്ക് ഏതുസമയത്ത് ആവശ്യമാണെങ്കിലും അത് ഉപയോഗി ക്കുന്നതിനുവേണ്ടിയുള്ള സംഗതികൾ ചെയ്തുകൊണ്ടിരിക്കുന്നു. അതിനുപുറമേ ഒരു മാതൃകാ വൃദ്ധസദനം കേരളത്തിലുണ്ടാക്കുന്നതിനെക്കു റിച്ചും ആലോചിക്കുന്നുണ്ട്. പക്ഷേ വൃദ്ധസദനങ്ങൾ കുറച്ചുകൊണ്ടുവരാ നാണ് ഞങ്ങൾ ശ്രമിക്കുന്നത്. അവരെ വീടുകളിൽത്തന്നെ റീ-ഹാബിലിറ്റേറ്റു ചെയ്യുന്നതിനും വീടുകളിൽത്തന്നെ മക്കൾ അവരെ നോക്കുന്നതിനായി അവബോധമുണ്ടാക്കുന്നതിനും വേണ്ടിയുള്ള ശ്രമവും നടത്തുന്നുണ്ട്. വയോ ജനങ്ങളുടെ വിഷയത്തിൽ വളരെ ഗൗരവമായിയാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നത്. ഏതായാലും ഇത്രയുമധികം കാര്യങ്ങൾ സാമൂഹ്യക്ഷേമ വകു പ്പിൽ ചെയ്യാൻ സഹായിക്കുന്ന മുഖ്യമന്ത്രിയേയും ധനകാര്യ വകുപ്പുമന്ത്രി യേയും ഈ സന്ദർഭത്തിൽ എന്റെ നന്ദി അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥ നകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു. (മി. സ്പീക്കർ)

ധനാഭ്യർത്ഥന നമ്പർ – **XXXIV–** വനം

മി. സ്പീക്കർ: XXXIV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഇല്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ – XXXV– പഞ്ചായത്ത്**

മി. സ്പീക്കർ: XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഇല്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു: ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ - XLVI– സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും**

മി. സ്പീക്കർ: XLVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സഭയിൽ ഇല്ലാത്തതിനാൽ ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കു നേരെ 7–ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2012–2013 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ..................

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30–ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2012 ജൂലൈ മാസം 11-ാം തീയതി രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.)

****